"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തരവകുപ്പ് - വാഹനാപകടത്തിൽ മരണപ്പെട്ട വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷനിലെ കോസ്റ്റൽ വാർഡൻ CW 03 ഡയോണിന്റെ സഹോദരൻ ശ്രീ. ഡാർവിന് കോസ്റ്റൽ വാർഡനായി കരാർ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (പി) വകുപ്പ്

സ.ഉ.(സാധാ) നം.3173/2024/HOME തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 16/03/2024, 29/05/2024 തീയതിയിലെ എസ്4-38697/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 05/08/2024 തീയതിയിലെ DCTVM/6188/2024-S6 നമ്പർ കത്ത്
3. 03.09.2018 തീയതിയിലെ സ.ഉ. (കൈ) നം. 141/2018/ആഭ്യന്തരം

<u>ഉത്തരവ്</u>

വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷനിൽ കോസ്റ്റൽ വാർഡനായി ജോലി നോക്കിയിരുന്ന CW 03 ഡയോൺ 24/01/2024 തീയതി വാഹനാപകടത്തിൽ മരണപ്പെട്ടുപോയിട്ടുള്ളതാണ് എന്ന് തിരുവനന്തപുരം സിറ്റി ഇൻസ്പെക്ടർ ജനറൽ & പോലീസ് കമ്മീഷണർ അറിയിച്ചിട്ടുള്ളതാണെന്നും മത്സ്യതൊഴിലാളി കുടുംബത്തിൽപ്പെട്ട ടിയാന്റെ വരുമാനമാണ് ആ കുടുംബത്തിന്റെ ആശ്രയമെന്നും ആയതിനാൽ ടിയാന്റെ ജ്യേഷ്ഠനായ ശ്രീ. ഡാർവിൻ, മരണപ്പെട്ട തന്റെ അനുജന്റെ ജോലി തനിക്കു നൽകണമെന്നും അപേക്ഷിച്ച് സമർപ്പിച്ച നിവേദനം പരാമർശം (1) പ്രകാരം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയിരിക്കുന്നു.

പരാമർശം (3) പ്രകാരം ഒരു വർഷത്തെ കാലയളവിൽ കരാർ അടിസ്ഥാനത്തിലാണ് കോസ്റ്റൽ വാർഡൻമാരെ നിയമിച്ചിട്ടുള്ളത്. അതിനുശേഷം കാലവാവധി തീരുന്ന മുറയ്ക്ക് കരാർ നിയമനം പുതുക്കി നൽകുകയാണ് ചെയ്തുവരുന്നത്.

കോസ്റ്റൽ വാർഡൻ CW 3 ആയി സേവനം ചെയ്തു വരവേ 24/01/2024 തീയതി വാഹന അപകടത്തിൽ മരണപ്പെട്ട ഡയോൺ അവിവാഹിതനും അപേക്ഷകന്റെ സഹോദരനുമാണെന്നും പരേതന്റെ ആശ്രയത്തിൻ കീഴിലാണ് കുടുംബം കഴിഞ്ഞു വന്നിരുന്നത്

എന്നും, ശ്രീ. ഡാർവിൻ എ. യുടെ കുടുംബ വാർഷിക വരുമാനം വിഴിഞ്ഞം വില്ലേജ് ഓഫീസർ മുഖേന കണക്കാക്കിയതിൽ 48,000/- രൂപയാണെന്നും, പരേതന്റെ പിതാവായ ആരോഗ്യം ഹൃദയ സംബന്ധമായ രോഗ ചികിത്സ തേടുന്നയാളുമാണെന്നും നിലവിൽ പരേതന്റെ ആശ്രിതരിൽ ആർക്കും തന്നെ സർക്കാർ ജോലി ഇല്ല എന്നും റേഷൻ കാർഡ് പ്രകാരം അപേക്ഷകന്റെ കുടുംബം നിലവിൽ B.P.L. വിഭാഗത്തിൽ ഉൾപ്പെടുന്നു എന്നും ഈ ജോലിക്കായി അപേക്ഷകനെ പരിഗണിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രാഥമിക പരീക്ഷയും മെഡിക്കൽ ടെസ്റ്റും നിർബന്ധമായും പാസ്സാകേണ്ടതാണെന്നും ജീവൻരക്ഷാ/ദുരന്തനിവാരണ പ്രവർത്തനം എന്നിവയടക്കമുള്ള 4 മാസത്തെ നിർബന്ധ പരിശീലനം വിജയകരമായി പൂർത്തീകരിക്കേണ്ടതുമാണെന്ന വ്യവസ്ഥകളോടെ വാഹനാപകടത്തിൽ മരണപ്പെട്ട വിഴിഞ്ഞം തീരദേശ പോലീസ് സ്റ്റേഷനിലെ കോസ്റ്റൽ വാർഡൻ CW 03 ഡയോണിന്റെ സഹോദരൻ ശ്രീ. ഡാർവിന് കോസ്റ്റൽ വാർഡനായി കരാർ നിയമനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി.എസ്
അഡിഷണൽ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
ശ്രീ. ഡാർവിൻ (സംസ്ഥാന പോലീസ് മേധാവി മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sini George
Date: 30-10-2024 13:32:11
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്